# രക്ഷയുടെ പാതയിൽ



# ഈശോയെ അനുഭവിച്ച ജനം

6

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം

1. പ്രവചനങ്ങൾ പൂർത്തിയാകുന്നു
2. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്
3. പ്രലോഭനങ്ങളെ അതിജീവിച്ച ഈശോ
4. ദൈവരാജ്യത്തിന്റെ സുവിശേഷമറിയിക്കുന്ന ഈശോ
5. ദൈവികമഹത്വം വെളിപ്പെടുത്തിയ ഈശോ
6. പാപികളെ തേടിവന്ന ഈശോ
7. നമ്മുടെ മുറിവുകൾ ഏറ്റെടുത്ത ഈശോ
8. നമുക്കുവേണ്ടി മരിച്ച ഈശോ
9. ക്ഷമിക്കാൻ പഠിപ്പിച്ച ഈശോ
10. മരണത്തെ ജയിച്ച ഈശോ
11. എമ്മാവൂസ് അനുഭവം
12. എന്റെ കർത്താവേ, എന്റെ ദൈവമേ
13. സ്വർഗ്ഗാരോഹണവും പ്രേഷിതദൗത്യവും
14. പന്തക്കുസ്തായും വിശ്വാസപ്രഘോഷണവും
15. മഹത്ത്വീകൃതനായ ഈശോ

# പാഠം 8



# നമുക്കുവേണ്ടി മരിച്ച ഈശോ

നമുക്കുവേണ്ടി മരിച്ച ഈശോ

പിതാവേ, അങ്ങേയ്ക്കിഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകറ്റണമേ. എങ്കിലും എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ.

# യൂദാസിന്റെ വഞ്ചന

- ഈശോയെ ഒറ്റിക്കൊടുക്കാൻ നേരത്തെ നൽകിയിരുന്ന അടയാളമനുസരിച്ച് യൂദാസ് മുമ്പോട്ടുചെന്ന് ഈശോയെ ചുംബിച്ചു. ഈശോ ചോദിച്ചു. യൂദാസേ ചുംബനംകൊണ്ടോ നീ മനുഷ്യപുത്രനെ ഒറ്റിക്കൊടുക്കുന്നത്.
- പടയാളികൾ ഈശോയെ ബന്ധിച്ചു

## പത്രോസ് തള്ളിപ്പറയുന്നു

- നടുമുറ്റത്ത് തീ കാഞ്ഞുകൊണ്ടിരിക്കുന്നവരുടെ കൂടെ പത്രോസും കൂടി. അവനെക്കണ്ട് ഒരു പരിചാരിക “ഇവനും അവനോടുകൂടിയായിരുന്നു” എന്നു പറഞ്ഞു. എന്നാൽ പത്രോസ് അതു നിഷേധിച്ചു. ‘സ്ത്രീയേ അവനെ ഞാൻ അറിയുകയില്ല” എന്നു പറഞ്ഞു. അല്പം കഴിഞ്ഞ് വേറൊരാൾ പത്രോസിനെ കണ്ടിട്ടു പറഞ്ഞു. “നീയും അവരിൽ ഒരുവനാണ്. അപ്പോൾ അവൻ പറഞ്ഞു. “മനുഷ്യാ ഞാനല്ല ഏകദേശം ഒരുമണിക്കൂർ കഴിഞ്ഞ് വേറൊരാൾ ഉറപ്പിച്ചു പറഞ്ഞു.
- ‘‘മനുഷ്യാ നീ പറയുന്നത് എന്താണെന്ന് എനിക്കറിഞ്ഞുകൂടാ” അവൻ ഇതു പറഞ്ഞുകൊണ്ടിരിക്കുമ്പോൾത്തന്നെ കോഴി കൂവി. കർത്താവ് പത്രോസിന്റെ നേരെ തിരിഞ്ഞ് അവനെ നോക്കി. ഇന്നു കോഴി കൂവുന്നതിനു മുമ്പ് മൂന്നു പ്രാവശ്യം നീ എന്നെ നിഷേധിക്കും. എന്ന് കർത്താവ് പറഞ്ഞ വചനം അപ്പോൾ പത്രോസ് ഓർമ്മിച്ചു. അവൻ പുറത്തുപോയി മനംനൊന്തു കരഞ്ഞു.”

നമുക്കുവേണ്ടി മരിച്ച ഈശോ


## പീലാത്തോസിനു മുമ്പിൽ

- “ഈ മനുഷ്യൻ ജനത്തെ വഴിതെറ്റിക്കുകയും സീസറിനു നികുതി കൊടുക്കുന്നതു നിരോധിക്കുകയും താൻ രാജാവായ ക്രിസ്തു ആണെന്ന് അവകാശപ്പെടുകയും ചെയ്യുന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു.

## ഈശോയെ പരിഹസിക്കുന്നു

- വസ്ത്രങ്ങൾ മാറ്റി ഒരു ചെമന്ന മേലങ്കി ധരിപ്പിച്ചു. മുള്ളുകൊണ്ടൊരു മുടിയുണ്ടാക്കി ശിരസ്സിൽ വച്ചു.അവിടുത്തെ മുമ്പിൽ മുട്ടുകുത്തി “യൂദന്മാരുടെ രാജാവേ, വന്ദനം”

# കാൽവരിയാത്ര



നമുക്കുവേണ്ടി മരിച്ച ഈശോ

- വീണ്ടും വീണ്ടും മർദ്ദിച്ചുകൊണ്ടിരുന്നു. ഈശോ വഴിയിൽ വച്ചു മരിച്ചുപോയാലോ എന്നു ഭയന്ന് കുരിശു ചുമക്കാൻ കിറേനേക്കാരനായ ശിമയോനെ നിയോഗിച്ചു. വഴിയരുകിൽ അവിടുത്തെക്കണ്ടു കരഞ്ഞുകൊണ്ടു നിന്ന സ്ത്രീകളോട് ഈശോ പറഞ്ഞു.

## ഈശോ കുരിശിൽ മരിക്കുന്നു

- ഗാഗുൽത്തായിലെത്തിയപ്പോൾ പടയാളികൾ ഈശോയെ കുരിശിൽ കിടത്തി കൈകളും കാലുകളും ആണികൊണ്ട് കുരിശോടു ചേർത്തു തറച്ച് കുരിശുയർത്തി പടയാളികൾ അവിടുത്തെ വസ്ത്രങ്ങൾ നാലായി പങ്കിട്ടെടുത്തു. മേലങ്കി തയ്യൽ കൂടാതെ നെയ്യപ്പെട്ടതായിരുന്നതിനാൽ അതാർക്കു ലഭിക്കണമെന്ന് കുറിയിട്ടു തീരുമാനിച്ചു.



- ആറാം മണിക്കൂർ മുതൽ ഒമ്പതാം മണിക്കൂർവരെ. ഭൂമി മുഴുവൻ അന്ധകാരം വ്യാപിച്ചു. ഏകദേശം ഒമ്പതാം മണിക്കൂർ ആയപ്പോൾ ഈശോ ഉച്ചത്തിൽ നിലവിളിച്ചു പറഞ്ഞു. "പിതാവേ അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു. അപ്പോൾ സൂര്യൻ ഇരുണ്ടു. ഭൂമി കുലുങ്ങി പാറകൾ പിളർന്നു. ദൈവാലയത്തിലെ തിരശ്ശീല നടുവെ കീറി. ഈ സംഭവങ്ങളെല്ലാം കണ്ടു നിന്നിരുന്ന ശതാധിപൻ ദൈവത്തെ സ്തുതിച്ചു പറഞ്ഞു. ഈ മനുഷ്യൻ തീർച്ചയായും നീതിമാനായിരുന്നു.

നമുക്കുവേണ്ടി മരിച്ച ഈശോ

- ഈശോ നമുക്കുവേണ്ടി പീഡകൾ സഹിച്ച് കുരിശിൽ മരിച്ചു. ഈശോയുടെ മരണം നമുക്ക് രക്ഷയും പാപമോചനവും നേടിത്തന്നു. ഇന്നു നമ്മൾ പാപം ചെയ്യുമ്പോഴെല്ലാം ഈശോയെ വേദനിപ്പിക്കുകയാണു ചെയ്തത്.
- വി.കുർബാനയിൽ, അപ്പവും, വീഞ്ഞും  ഒരുക്കിയ കാസായും പീലാസയും വഹിച്ചുകൊണ്ട് കാർമ്മികൻ അൾത്താരയുടെ മധ്യത്തിലേക്കുവരുന്നത് ഈശോയുടെ കാൽവരിയാത്രയെ അനുസ്മരിപ്പിക്കുന്നു.
- തുടർന്ന് കുരിശാകൃതിയിൽ പിടിച്ച് കാർമ്മികൻ പ്രാർത്ഥിക്കുന്ന്. ഇത് ഈശോയുടെ കുരിശുമരണത്തെ സൂചിപ്പിക്കുന്നു.

# ദുഖവെള്ളി

- ഈശോയുടെ പീഡാനുഭവത്തെയും കുരിശുമരണത്തെയും അനുസ്മരിക്കുകയും ആചരിക്കുകയും ചെയ്യുന്ന ദിവസമാണ് ദുഖവെള്ളി അഥവാ പീഡാനുഭവവെള്ളി .വിവിധ അനുഷ്ഠാനങ്ങളെയാണ് സഭ ഈ ദിനം ആചരിക്കുന്നത്. പീഡാനുഭവ വായന കുരിശുവണക്കം, കയ്പുനീരുകുടിക്കൽ കുരിശിന്റെ വഴി, പരിഹാരപ്രദിക്ഷിണം എന്നിവ ദുഖവള്ളി ആചരണത്തിന്റെ ഭാഗങ്ങളാണ്.

നമുക്കുവേണ്ടി മരിച്ച ഈശോ

## എന്റെ തീരുമാനം

എനിക്കുവേണ്ടി മരിച്ച
ഈശോയ്ക്കെതിരായി പാപം
ചെയ്യാതെ ജീവിക്കാനുള്ള
കൃപയ്ക്കായി എന്നും ഞാൻ
അവിടുത്തോടു യാചിക്കും.


വഴികാട്ടാൻ ഒരു തിരുവചനം
“പിതാവേ, എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ”